**No.CEE/70/K MAT -2020/TA2**

കേരള സർക്കാർ
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

# <u>വിജ്ഞാപനം</u>

## കേരള മാനേജ്മെന്റ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് (K MAT-2020)
## പ്രവേശന പരീക്ഷ
## അഡ്മിറ്റ് കാർഡ് ലഭ്യമാക്കി

**2020 ജൂൺ 21–ാം തീയതി** (ഞായറായാഴ്ച) കേരളത്തിലെ വിവിധ ജില്ലകളിൽ വച്ച് നടക്കുന്ന 2020–21 ലെ കെ–മാറ്റ് പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ചവരുടെ അഡ്മിറ്റ് കാർഡുകൾ **06.06.2020 ഉച്ചയ്ക്ക് 12.00 മണി** മുതൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ <u>**www.cee.kerala.gov.in**</u> എന്ന വെബ്സൈറ്റിൽ നിന്നും **12.06.2020, വൈകുന്നേരം 3.00** മണിയ്ക്കു മുമ്പായി ഡൗൺലോഡ് ചെയ്യേണ്ടതാണ്.

വെബ്സൈറ്റിലെ **'K MAT -2020 - Candidate Portal'** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭ്യമാകുന്ന പേജിൽ **ആപ്ലിക്കേഷൻ നമ്പറും, പാസ്‌വേഡും** കൃത്യമായി നൽകിയതിനുശേഷം **'Admit Card'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് അഡ്മിറ്റ് കാർഡിന്റെ പ്രിന്റൗട്ട് എടുക്കാവുന്നതാണ്. പ്രവേശന പരീക്ഷയുടെ സുഗമമായ നടത്തിപ്പിനായി കണ്ടെയ്ൻമെന്റ് സോണുകൾ/ക്വാറന്റെയ്ൻ എന്നിവയിൽപ്പെടുന്ന വിദ്യാർത്ഥികൾ ആ വിവരം രേഖപ്പെടുത്തി അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യേണ്ടതാണ്. ഈ അഡ്മിറ്റ് കാർഡുമായാണ് അപേക്ഷകൻ പരീക്ഷാ ഹാളിൽ ഹാജരാകേണ്ടത്. തപാൽ വഴി അഡ്മിറ്റ് കാർഡ് വിതരണം ചെയ്യുന്നതല്ല. വിദ്യാർത്ഥികളെ തിരിച്ചറിയുന്നതിന് അഡ്മിറ്റ് കാർഡിന്റെ കളർ പ്രിന്റൗട്ട് അഭികാമ്യമായിരിക്കും.

അഡ്മിറ്റ് കാർഡിൽ ലഭ്യമായിട്ടുള്ള അപേക്ഷകന്റെ പേര്, ഫോട്ടോ, ഒപ്പ് എന്നിവ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഉണ്ടെങ്കിൽ അവ **പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഇ–മെയിൽ** മുഖാന്തിരം **12.06.2020 വൈകുന്നേരം 3.00 മണിക്കു** മുൻപായി സമർപ്പിക്കണം. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

ആപ്ലിക്കേഷൻ നമ്പർ മറന്നുപോയ അപേക്ഷകർ **'Forgot Application Number'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് പേര് നൽകിയാൽ പേര്, അഡ്രസ്സ്, ആപ്ലിക്കേഷൻ നമ്പർ എന്നിവ കാണാവുന്നതാണ്.

തിരുവനന്തപുരം
05..06.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**